പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1877

10/03/2020 ൽ മറുപടി നല്കേണ്ടത്.

# ഭക്ഷ്യ വസ്തുക്കളിലെ മായം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി. ജോയി** | **കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| (എ) ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നത് കണ്ടെത്തുവാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) സംസ്ഥാനത്തൊട്ടാകെ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിലേയ്ക്കായി അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന ഭക്ഷ്യവസ്തുക്കൾ ഉൾപ്പടെ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തുന്നുണ്ട്. ഉത്സവ സീസണുകളിലും, പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കൂടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ച വ്യാധികൾ പടർന്ന് പിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാരനിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ/ അഡ്ജുഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. IEC പ്രവർത്തനങ്ങളുടെ ഭാഗമായി ഭക്ഷ്യസുരക്ഷാ വകുപ്പ് ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതിന്റെ ദൂഷ്യ വശങ്ങൾ വിശദീകരിച്ചുകൊണ്ട് നിരവധി അവബോധന ക്ലാസുകൾ സംഘടിപ്പിക്കുകയും ലഘു ലേഖകൾ വിതരണം ചെയ്യുകയും, ഈ വിഷയത്തിൽ ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിനുള്ള എളുപ്പ മാർഗ്ഗങ്ങൾ സംബന്ധിച്ച് ഒരു ഡോക്യുമെന്ററി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ ഭക്ഷ്യ സുരക്ഷ സംബന്ധിച്ച് അവബോധനം സൃഷ്ടിക്കുന്നതിനായി SNF @ School എന്ന പദ്ധതി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 717 സ്കൂളുകളിൽ നടപ്പിലാക്കിക്കഴിഞ്ഞു.<br><br>മത്സ്യത്തിൽ ആരോഗ്യത്തിന് ഹാനികരമായ രാസവ |

സ്തുക്കൾ ചേർക്കുന്നത് തടയുന്നതിലേയ്ക്കായി 'ഓപ്പറേഷൻ സാഗർറാണി' വിജയകരമായി നടപ്പിലാക്കി വരുന്നു. 'ഓപ്പറേഷൻ പനേല' എന്ന പേരിൽ സംസ്ഥാനത്തുടനീളം ശർക്കരയുടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുകയും Unsafe ആയി റിപ്പോർട്ട് ലഭിച്ചിട്ടുള്ളവയ്ക്കെതിരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചു വരുന്നു. ആരാധനാലയങ്ങൾ ഉൾപ്പെടെ രാജ്യത്തിന്റെ പല ഭാഗങ്ങളിലും ഭക്ഷ്യ വിഷബാധ ഉണ്ടാകുന്ന സാഹചര്യത്തിൽ ഭക്ഷ്യ സുരക്ഷാ നിയമം ഫലപ്രദമായി നടപ്പിലാക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ "BHOG" (Blissfull Hygienic Offering to God) എന്ന പദ്ധതി പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടതാണ്.

സംസ്ഥാനത്ത് സ്കൂൾ, കോളേജ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളിലെ മെസ്സുകൾ, ക്യാന്റീനുകൾ, കഫറ്റേരിയകൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ശുചിത്വമാനദണ്ഡങ്ങളും ഭൗതിക സാഹചര്യങ്ങളും പരിശോധിക്കുന്നതിനും ഏർപ്പെടുത്തിയ Operation FISH (Food Inspection at Student's Hostel) ന്റെ ആദ്യഘട്ട പരിശോധന 14 ജില്ലകളിലായി 546 ഹോസ്റ്റൽ/ മെസ്സ്/ ക്യാന്റീൻ എന്നിവ പരിശോധിച്ചു. ഇതിൽ നിയമ ലംഘനം കണ്ടെത്തിയ സ്ഥാപനങ്ങളുടെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ശുചിത്വ മാനദണ്ഡങ്ങൾ കർശനമാക്കുന്നതിനും നിയമാനുസൃതം നോട്ടീസ് നൽകിയിട്ടുണ്ട്.

2006ലെ ഭക്ഷ്യസുരക്ഷാ നിയമം, വകുപ്പ് 16(3)h പ്രകാരം ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, തട്ടുകടകൾ മറ്റു ഭക്ഷ്യ ഉൽപാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികളോ, സംരംഭകരോ ആയവർക്ക് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിച്ചിരിക്കുന്ന തരത്തിലുള്ള ട്രെയിനിംഗ് നൽകുന്നതിനായി FoSTaC (Food Safety Training and

Certification) എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

സംസ്ഥാനത്ത് അടിയന്തിര സാഹചര്യങ്ങളിൽ ഭക്ഷ്യസുരക്ഷാ പ്രവർത്തനം നടത്തുന്നതിനു വേണ്ടി 24 മണിക്കൂറും പ്രവർത്തനസജ്ജമായ Quick Response Team (QRT) എല്ലാ ജില്ലകളിലും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. പൊതുജനങ്ങളുടെ പരാതി പരിഹരിക്കുവാൻ 24X7 മണിക്കൂർ പ്രവർത്തിച്ചുവരുന്ന ജി.സി.സി (ഗവൺമെന്റ് കോൾ സെന്റർ) ടോൾഫ്രീ (18004251125) സൗകര്യം നിലവിൽ പ്രവർത്തിച്ചു വരുന്നു. കേരളത്തിന്റെ ഗ്രാമപ്പഞ്ചായത്തുകളിൽ സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ ഉറപ്പാക്കുന്നതിനുവേണ്ടി ' സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ പഞ്ചായത്ത് പദ്ധതി'. വിജയകരമായി നടപ്പിലാക്കിവരുന്നു.

(ബി) ഭക്ഷ്യവസ്തുക്കളിൽ മായം ചേർത്ത എത്ര പേർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുണനിലവാരമില്ലാത്ത ഭക്ഷണസാധനങ്ങൾ വിതരണം ചെയ്തതിൻപ്രകാരം സംസ്ഥാനത്തൊട്ടാകെ 1749 അഡ്ജുഡിക്കേഷൻ കേസുകളും ആരോഗ്യത്തിന് ഹാനികരമായ ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്തതിൻ പ്രകാരം 472 പ്രോസിക്യൂഷൻ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലെ മാനദണ്ഡങ്ങൾ ലംഘിച്ചതിന് 5309 പേർക്കെതിരെ പിഴ ചുമത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ